**Deepika**

**27 August 2018**

**Thiruvanthapuram; After Flood**



# പ്രളയം: ആരോഗ്യ ഡയറക്ടറുടെ അമേരിക്കൻയാത്ര വിവാദമായി

## പകർച്ചവ്യാധി പ്രതിരോധം ഏകോപിപ്പിക്കേണ്ട ചുമതല ആരോഗ്യ ഡയറക്ടർക്ക്

**തിരുവനന്തപുരം:** പ്രളയ ദുരന്തത്തിൽ നിന്നു കരകയറുന്ന കേരളത്തിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ചുമതലയുള്ള ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. ആർ. എൽ. സരിതയുടെ അമേരിക്കൻ യാത്ര വിവാദത്തിൽ. പ്രളയ ദുരന്തത്തിനു ശേഷം പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ അടക്കമുള്ളവ നടക്കേണ്ട സമയത്തു ആരോഗ്യ വകുപ്പു ഡയറക്ടർ അമേരിക്കയിലേക്കു പോയതാണു വിവാദമായത്.

പ്രളയ ദുരന്ത സമയത്തു മന്ത്രി കെ. രാജുവിന്റെ ജർമൻയാത്ര വിവാദമായതിനു പിന്നാലെയാണു ആരോഗ്യ ഡയറക്ടർ വിദേശത്തേയ്ക്കു പോയത്.

പ്രളയം വിതച്ച ദുരിതത്തിനു ശേഷം പലവിധത്തിലുള്ള പകർച്ച വ്യാധികൾക്കും സാധ്യതയുണ്ടെന്ന് ആരോഗ്യവകുപ്പും ബന്ധപ്പെട്ട ഏജൻസികളും മുന്നറിയിപ്പ് നൽകിയിരുന്നു. ഇതിനെതിരേ പ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ ആവർത്തിച്ചു പ്രഖ്യാപിച്ചിരുന്നു. എന്നാൽ, പ്രതിരോധ പ്രവർത്തനത്തിന്റെ ചുമതലയുള്ള ആർ.എൽ. സരിത കഴിഞ്ഞ ശനിയാഴ്ചയാണ് അമേരിക്കയിലേക്കു പോയത്.

അമേരിക്കയിലെ ഹെൽത്ത് ആൻഡ് ഹ്യൂമൻ റിസോഴ്സ് സംഘടിപ്പിക്കുന്ന ഇന്റർ നാഷനൽ സെമിനാർ ഓൺ എമേർജിംഗ് ഇൻഫെക്ഷസ് ഡിസീസസിൽ പങ്കെടുക്കാനാണ് യാത്രയെന്നാണു സൂചന. സെപ്റ്റംബർ നാലു വരെ നീളുന്ന സെമിനാറിൽ പങ്കെടുക്കാൻ കഴിഞ്ഞ 25നാണ് പുറപ്പെട്ടത്.

ഈ മേഖലയിലെ വിദഗ്ധരെ സെമിനാറിന് അയയ്ക്കുന്നതിനു പകരം അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ പ്രവർത്തിക്കുന്ന ഡയറക്ടർ തന്നെ അമേരിക്കയിലേക്ക് പോയി. അമേരിക്കൻ യാത്രയ്ക്ക് ജൂലൈ 30ന് അനുമതി നൽകിയതാണെന്നാണ് ആരോഗ്യ മന്ത്രിയുടെ ഓഫീസിന്റെ വിശദീകരണം. എങ്കിലും നിലവിലെ സാഹചര്യത്തിൽ യാത്ര ഒഴിവാക്കുകയോ പകരം മറ്റൊരാളെ അയയ്ക്കുകയോ ആണ് വേണ്ടിയിരുന്നതെന്നാണ് ഉയർന്ന വാദം. ഡയറക്ടറുടെ ചുമതല ഇപ്പോൾ അഡീഷണൽ ഡയറക്ടർക്ക് നൽകിയിരിക്കുകയാണ്. ആരോഗ്യ കൺട്രോൾ റൂമിന്റെ ചുമതലയും ഡയറക്ടർക്കാണ്. എല്ലാ ദിവസവും അവലോകന യോഗങ്ങളും ചേരേണ്ടതുണ്ട്.

# അനധികൃത പണപ്പിരിവിനെതിരേ പോലീസ് നടപടി സ്വീകരിക്കും

**തിരുവനന്തപുരം:** പ്രളയക്കെടുതിയുടെ ഭാഗമായുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കെന്ന പേരിൽ അനധികൃത പണപ്പിരിവ് നടത്തുന്നതായി ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അത്തരം സംഭവങ്ങൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമെന്നും സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ. നിർബന്ധിത പണപ്പിരിവു പാടില്ല. ഇത്തരം പണപ്പിരിവുകൾ നടക്കുന്നുണ്ടോ എന്നത് നിരീക്ഷിക്കാൻ എസ്എച്ച്ഒ മാർക്കും പോലീസ് ഉദ്യോഗസ്ഥർക്കും നിർദേശം നൽകി.

പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ ജനങ്ങൾ ഒന്നാകെ മുന്നോട്ടു വരുന്നുണ്ട്. അത്തരം സഹായങ്ങൾ അധികൃത സംവിധാനങ്ങൾ വഴിയാണെന്നു ജനങ്ങൾ ഉറപ്പുവരുത്തണമെന്നും അദ്ദേഹം അഭ്യർഥിച്ചു.